ഉത്തരം

(എ) 36,53,75,349/-

(ബി) പ്രസ്തുത കാലത്തെ ശരാശരി കളക്ഷൻ 1,21,79,178.30 രൂപയായിരുന്നു.

(സി) 3,09,84,053 കി.മീറ്റർ

(ഡി) 11.53 രൂപ

(ഇ) ശരാശരി ചെലവ് 13.13 രൂപയായിരുന്നു.

(എഫ്) 43,49,40,486/- രൂപ

(ജി) ഈ കാലഘട്ടത്തിലെ ഒരു ദിവസത്തെ ശരാശരി കളക്ഷൻ 1,44,94,692.97 രൂപയായിരുന്നു.

(എച്ച്) 32030375 കി.മീറ്റർ ഓടിയിട്ടുണ്ട്.

(ഐ) 13.55 രൂപ

(ജെ) 1999-2000 വർഷത്തെ വരവുചെലവു സംബന്ധമായ കണക്കു പൂർത്തിയായിട്ടില്ല.

70 (1111) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ നൽകിവരുന്ന ടിക്കറ്റ്

ശ്രീ. ജോർജ്ജ് ജെ. മാത്യു :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതു വർഷത്തിൽ അച്ചടിച്ച ടിക്കറ്റുകളാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ യാത്രക്കാർക്ക് നൽകിവരുന്നത്;

(ബി) 1995- ൽ അച്ചടിച്ച ടിക്കറ്റ് സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്ത് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ യാത്ര ചെയ്യുന്നവർക്ക് 2000-ാം മാണ്ട് ജനുവരിയിൽ കൊടുത്തിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1999, 2000 വർഷങ്ങളിൽ അച്ചടിച്ച ടിക്കറ്റുകളാണ് ഇപ്പോൾ നൽകിവരുന്നത്.

(ബി) ഉണ്ട്.

(സി) 1999 ഒക്ടോബറിലെ ചാർജ്ജ് വർദ്ധനവിനോട് അനുബന്ധിച്ച്, സ്റ്റോക്കുണ്ടായിരുന്ന ഉപയോഗ യോഗ്യമായ പഴയ ടിക്കറ്റുകൾ, പുതിയ ടിക്കറ്റ് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ റിവാല്യു ചെയ്ത് വിതരണം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. അവയിൽ 1985-ൽ അച്ചടിച്ച ടിക്കറ്റുകളും ഉൾപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly